പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.3531 | 22/08/2017 ൽ മറുപടിക്ക് |
|---|---|

## ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പ്രവർത്തനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ആൻസലൻ**<br>**" പി.വി. അൻവർ**<br>**" സി.കെ ശശീന്ദ്രൻ**<br>**" എ.എം ആരിഫ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | എ) | ഉണ്ട്. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനു വേണ്ടി ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ, ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്) എന്നീ ഓഫീസർമാരുടെ സംസ്ഥാനതല ക്വാർട്ടർലി മീറ്റിംഗും ജില്ലാതലത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ പ്രതിമാസ മീറ്റിംഗും കൃത്യമായി നടന്നുവരുന്നു. ടി മീറ്റിംഗിൽ ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങളുടെ അവലോകനം, കാര്യക്ഷമത, കേസ്സുകളുടെ പുരോഗതി, ലൈസൻസ്/ രജിസ്ട്രേഷൻ പുരോഗതി എന്നിവ വിലയിരുത്തുന്നുണ്ട്. |
| ബി) | ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങിയവയിൽ എന്തെല്ലാം പരിശോധനകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങിയവയിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള പരിശോധനകൾ നടത്തിവരുന്നു. |
| സി) | ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള അനലിറ്റിക്കൽലാബുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) & ഡി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ലാബുകൾ എൻ എ ബി എൽ അക്രഡിറ്റേഷൻ നേടിയിട്ടുണ്ട്. ഇത് അന്താരാഷ്ട്ര നിലവാരമാണ്. ഇന്ത്യയിൽ ഒരു ഗവൺമെന്റിന് കീഴിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എല്ലാ ലാബുകൾക്കും അക്രഡിറ്റേഷൻ ലഭിക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം. |
| ഡി) | ഇതിന്റെ ഭാഗമായി പ്രസ്തുത ലാബുകൾക്ക് എൻ എ ബി എൽ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ